# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي

---

**തീയതി:** 22/09/2017 **വിഷയം:** ആദർശ ബന്ധുക്കൾ

---

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ ۚ وَاتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ﴿الحجرات: ١٠﴾

➢ മനുഷ്യർ തമ്മിൽ പലവിധ ബന്ധങ്ങളാണുള്ളത്. ചിലരുമായി കുടുംബ ബന്ധമാണെങ്കിൽ മറ്റ് ചിലരുമായി സാമ്പത്തിക ബന്ധമായിരിക്കും. ചിലരുമായി രാഷ്ട്രീയ ബന്ധമാണെങ്കിൽ ചിലർക്ക് സംഘടനാ ബന്ധമായിരിക്കും. ഒരേ തൊഴിൽ ചെയ്യുന്നവർ സം ഘടിക്കുകയും അവകാശ സംരക്ഷണത്തിനായി കൂട്ടായി യത്നിക്കുകയും ചെയ്യുന്നു. അവർ തമ്മിൽ തൊഴിൽപരമായ ബന്ധമാണുള്ളത്. ഇക്കൂട്ടത്തിൽ സുദൃഢമായ ഒരു ബന്ധമാണ് ‘‘ആദർശ ബന്ധം’’. ഒരേ ആദർശക്കാർ തമ്മിലുള്ള ബന്ധമാണത്.

➢ സത്യ വിശ്വാസികൾ പരസ്പരം ആദർശ ബന്ധുക്കളാണ്. ഈമാൻ എന്ന ആദർശം എല്ലാം മറന്ന് അവരെ ഒന്നിപ്പിക്കുന്നു. രാജ്യം, ഭാഷ, വേഷം, തൊഴിൽ. ഒന്നും ഇതിന് തടസ്സമല്ല. ലോക ത്ത് മറ്റൊരു ആദർശക്കാർക്കിടയിലും ഇത് കാണാൻ കഴിയില്ല.

ചരിത്രം :

كَانَ عُمَرُ يَقُولُ أَبُو بَكْرٍ سَيِّدُنَا وَأَعْتَقَ سَيِّدَنَا يَعْنِي بِلَالًا(بخاري)

(=അബൂബക്കർ നമ്മുടെ നേതാവും നമ്മുടെ നേതാവായ ബിലാലിനെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചവരുമാണ്.)

ഇവിടെ ര ു കാര്യങ്ങൾ മനസ്സിലാക്കേ തു ്. (1). മഹത്തുക്കളെ കുറിച്ച് സയ്യിദുനാ ചേർത്ത് പറയൽ സ്വഹാബാക്കളുടെ കാ ലം മുതൽക്കുള്ള പാരമ്പര്യമാണ്. (2). ഖുറൈശിയും സമ്പന്നനും

ഖലീഫയുമായ അബൂബക്കർ (റ)നെ നേതാവ് എന്ന് വിളിക്കുന്ന അതേ അർത്ഥത്തിൽ അടിമയും നീഗ്രോയും ദരിദ്രനമായ ബിലാൽ(റ)നെയും വിളിക്കാൻ ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുമേ കഴിയുകയുള്ളൂ. ഒരേ പാത്രത്തിൽ നിന്ന് കഴിക്കുന്ന സംസ്കാര വും അവിടെ മാത്രമേയുള്ളൂ.

➢ തൊടലും തീ  ലും മാറുമറക്കാൻ പാടില്ലായ്കയും നിലനിന്ന സമൂഹത്തിൽ അതിന് മാറ്റം വന്നത് ഇസ്‌ലാം വന്നപ്പോഴാണ്.

അതിന് മുമ്പ് വന്ന ക്രിസ്ത്യ, ജൂത മതങ്ങൾക്ക് ഈ ജീർണ്ണത മാറ്റാൻ കഴിഞ്ഞില്ല. അതുകൊ  ാണ് ജനം ഇസ്‌ലാമിലേക്ക് ഒഴുകിയത്. ഇത് മടക്കികൊ  ുവരാനാണ് ചിലർ ഇപ്പോൾ ശ്രമിക്കുന്നത്. ഇന്ത്യൻ ഭരണഘടന പൊളിച്ചെഴുതണമെന്നും പഴമ തിരിച്ചുകൊ  ുവരണമെന്നും “മോഹൻ ഭഗവത്” കഴിഞ്ഞ ദിവസം പ്രസ്താവിക്കുകയു  ായി. 2വർഷം 11മാസം 18ദിവസം കൊ ് രൂപപ്പെടുത്തിയ ഇന്ത്യൻ ഭരണഘടനയുടെ 3/25ൽ ഇഷ്ടമുള്ള വിശ്വാസം സ്വീകരിക്കാനും അനുഷ്ഠിക്കാനും പ്രചരിപ്പിക്കുവാനും അവകാശം നൽകുന്നു. 3/26ൽ ആരാധനാലയങ്ങൾ സ്ഥാപിച്ച് നടത്താനും അവകാശം നൽകുന്നു. ഇത് അസാധുവാക്കിയാൽ (1).ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടും.(2).പഴയ ജാതിസമ്പ്രദായങ്ങൾ തിരിച്ചുവരും. ഒരു കാലത്ത് ഇതില്ലതായത് ഇസ്‌ലാമിന്റെ ആഗമനത്തോടെയായിരുന്നു.

➢ ആദർശബന്ധുക്കൾ എന്ന നിലക്ക് മുഅ്മിനീങ്ങൾ സഹോദരന്മാരായി ജീവിക്കണമെന്ന് അല്ലാഹു കൽപ്പിക്കുന്നു.

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ ۚ وَاتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ

വിശ്വാസികളുടെ ബന്ധത്തെ കുറിക്കാൻ “ഇഖ്‌വത്ത്” എന്ന പ്രയോഗമാണ് നടത്തിയിരിക്കുന്നത്. ഒരു കുടുംബത്തിലെ ജേഷ്ടാനുജന്മാരെ കുറിച്ചാണ് സാധാരണ ഈ പ്രയോഗം ഉണ്ടാകാറുള്ളത്.

وَجَاءَ إِخْوَةُ يُوسُفَ فَدَخَلُوا عَلَيْهِ فَعَرَفَهُمْ وَهُمْ لَهُ مُنكِرُونَ ﴿يوسف:٥٨﴾

വിശ്വാസികളുടെ സാഹോദര്യം എത്ര ആഴമേറിയതാണെന്ന് ഈ പ്രയോഗം വ്യക്തമാക്കുന്നു.

➤ ആദർശബന്ധുക്കളോടുള്ള കടമകളിൽ പ്രധാനമായ ഒന്നാണ് അവർക്കുവേണ്ടി ദുആ ചെയ്യൽ. നബി(സ)യോട് അല്ലാഹു കൽപ്പിക്കുന്നു.

وَاسْتَغْفِرْ لِذَنبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ ﴿محمد: ١٩﴾

ഇത് വിശ്വാസികളുടെ അടയാളമാണ്.

وَالَّذِينَ جَاءُوا مِن بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَّحِيمٌ ﴿الحشر: ١٠﴾

ഈ ആയത്തിൽ 'പിന്നിട് വരുന്നവർ' എന്നുപറഞ്ഞത് സ്വഹാബത്തിന് ശേഷം ഖിയാമത്ത് വരെക്കുമുള്ള മുഅ്മിനീങ്ങളെ കുറിച്ചാണ്. ഇവിടെ 2 കാര്യങ്ങൾ വിശ്വാസിയുടെ അടയാളമായി പറയപ്പെട്ടിരിക്കുന്നു. 1. മറ്റുള്ളവർക്കായി പ്രാർത്ഥിക്കുന്നവരാണ്. رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا (2). അസൂയ, പോര് ഇല്ലാത്തവരാണ്.

﴿وَلَا تَجْعَلْ فِي قُلُوبِنَا غِلًّا﴾ أَيْ حِقْدًا وَحَسَدًا (القرطبي)

➤ ഇന്നത്തെ ആഗോള സാഹചര്യത്തിൽ മുസ്ലിം ഉമ്മത്തിന്റെ നന്മക്കായ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ സഹായം ആത്മാർത്ഥ ദുആയാണ്. കഴിഞ്ഞയാഴ്ചക്ക് ശേഷം കേന്ദ്ര സർക്കാർ റോഹിങ്ക്യൻ പ്രശനത്തിൽ നിന്ന് പുറകോട്ടുപോയത് പ്രാർത്ഥനയുടെ ഫലമാകാം. അഭയാർത്ഥികളെ പുറത്താക്കാൻ നിന്നവർ ബർമ്മയോട് അഭയാർത്ഥികളെ തിരിച്ച് കൊ ുപോകണം എന്ന് അഭ്യർത്ഥിക്കുന്നതാണ് നാം ക ത്.

➤ മറ്റുള്ളവർക്ക് വേണ്ടി നാം ദുആ ചെയ്യുമ്പോൾ നമുക്ക് വലിയ നേട്ടങ്ങൾ ലഭിക്കുന്നതാണ്.

عن عبادة قال رسول الله صلى الله عليه وسلم : مَنِ اسْتَغفرَ للمؤمنين والمؤمنات كَتبَ اللهُ له بِكلِّ مؤمنٍ ومؤمنةٍ حَسنةً (الطبراني)

عَنْ أَبِي هُرَيْرَةَ قَالَ : قَالَ رَسُولُ اللَّهِ (ص) مَنْ لَمْ يَكُنْ عِنْدَهُ مَالٌ يَتَصَدَّقُ بِهِ فَلْيَسْتَغْفِرْ لِلْمُؤْمِنِينَ وَالْمُؤْمِنَاتِ فَإِنَّهَا صَدَقَةٌ (طَبَرَانِيُّ)

അപ്പോൾ ഒറ്റയടിക്ക് കോടിക്കണക്കിന് നന്മകൾ നമ്മുടെ കിതാബിൽ എഴുതപ്പെടാൻ കാരണമാകും.

കൂടാതെ മലക്കുകളുടെ ദുആ നമുക്കു ലഭിക്കാനും കാരണമാകും.

عَنْ أَبِي الدَّرْدَاءِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَا مِنْ عَبْدٍ مُسْلِمٍ يَدْعُو لِأَخِيهِ بِظَهْرِ الْغَيْبِ إِلَّا قَالَ الْمَلَكُ وَلَكَ بِمِثْلٍ(مسلم)

കൂടാതെ നമ്മുടെ പ്രാർത്ഥനക്ക് ഇജാബത്ത് കിട്ടാനും അത് കാരണമാകും.

وَخَلَطَ حَاجَتَهُ بِحَاجَتِهِمْ لَعَلَّهَا تُقْبَلُ بِبَرَكَتِهَا وَيُجَابُ إِلَيْهَا (بيضاوي)

- അതുകൊണ്ട് തന്നെ ഏറ്റവും വലിയ ഇബാദത്തായ നിസ്ക്കാരത്തിൽപോലും നമുക്കിത് ഫർളാക്കി.

...وَإِيَّاكَ نَسْتَعِينُ (٥) اهْدِنَا الصِّرَاطَ الْمُسْتَقِيمَ(٦) ﴿الفاتحة﴾

ഇവിടെ ഞങ്ങൾ എന്നാൽ: ലോകത്തെങ്ങുമുള്ള വിശ്വാസികളാണുദ്ദേശ്യം (ബൈളാവി).

അത്തഹിയ്യാത്തിൽ വീണ്ടും നാം ദുആ ചെയ്യുന്നു.

أَلسَّلَامُ عَلَينَا وَعَلَى عِبَادِاللهِ الصَّالحِينَ

അപ്പോൾ നിസ്കാരത്തിൽ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കാതെ നിസ്കാരം സ്വഹീഹാകുകയില്ല.

ചുരുക്കത്തിൽ നാം വിശ്വാസികൾ പരസ്പരം ദുആ ചെയ്തുകൊണ്ടിരിക്കണം. അത്രമേൽ ആഴമേറിയ ബന്ധമാണ് പരസ്പരമുള്ളത്. ഇവ പൂർത്തിയാകുമ്പോഴാണ് നാം യഥാർത്ഥ വിശ്വാസികൾ ആയിത്തീരുന്നത്.